ഉത്തരം

(എ) 2005 ജൂൺ, ജൂലൈ മാസങ്ങളിലുണ്ടായ കാലവർഷക്കെടുതികൾ മൂലമുള്ള നാശനഷ്ടങ്ങൾക്കായി 337 കോടി 56 ലക്ഷം രൂപയ്ക്കുള്ള നഷ്ട പരിഹാരത്തിന് കേന്ദ്ര സർക്കാരിന് നിവേദനം നല്കിയിരുന്നു.

(ബി) 2005 സെപ്റ്റംബർ 5 മുതൽ 8 വരെ കേരളത്തിൽ കാലവർഷ ക്കെടുതികൾമൂലം നാശനഷ്ടമുണ്ടായ എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ പ്രദേശങ്ങൾ കേന്ദ്ര സംഘം സന്ദർശിക്കുകയുണ്ടായി.

(സി) 2005-ലുണ്ടായ കാലവർഷക്കെടുതികൾ നേരിടുന്നതിന് അടിയന്തര സഹായമായി കേന്ദ്ര ഗവൺമെന്റ് നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്ന് 17.935 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ ഈ ഇനത്തിൽ സംസ്ഥാനത്തിനുള്ള പ്രത്യേക സഹായം 5.21 കോടി രൂപയായി പരിമിതപ്പെടുത്തിക്കൊണ്ടുള്ള കത്ത് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) കാലവർഷക്കെടുതിമൂലമുണ്ടായ കൃഷി നാശത്തിന് 2005-06 വർഷം 9.256 കോടി രൂപ കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നല്കിയിട്ടുണ്ട്.

കടപ്പ് പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടി

103 (294) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാരഡുക്ക പഞ്ചായത്തിൽ പതിമൂന്നാം മൈലിൽ സ്ഥിതി ചെയ്തിരുന്ന കടപ്പ് പാലം ഇക്കഴിഞ്ഞ മഴക്കാലത്ത് തകർന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽപ്പാലം പുതുക്കി പണിയുന്നതിന് തുക അനുവദിക്കണമെന്ന് കാസർഗോഡ് ജില്ലാ കളക്ടറുടെ പ്രൊപ്പോസലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ കാരഡുക്ക പഞ്ചായത്തിലെ പതിമൂന്നാം മയിലിൽ തകർന്ന പാലം പുതുക്കിപ്പണിയുന്നതിന് വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നും ഭരണാനുമതിക്കായി കാസർഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ച 13,00,000 രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

റിവർമാനേജ്മെന്റ് ഫണ്ടിന്റെ വരവ്-ചെലവ് കണക്ക്

104 (296) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വരവ്-ചെലവ് കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെലവ് ചെയ്യുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്ത്;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ചെലവ് ചെയ്യുന്നത് മണൽ വാരുന്നതുമൂലം വരുമാനം ലഭിക്കുന്ന സ്ഥലങ്ങളിലാണോ;

(ഡി) എങ്കിൽ കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് ഈ നേട്ടം ലഭ്യമായത്; യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ എത്ര തുക ചെലവ് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) നദിയിൽ നിന്ന് മണൽ വാരുന്നത് ക്രമീകരിക്കുന്നതിനും നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിലേക്കും മറ്റും ആക്റ്റിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി ഫണ്ട് വിനിയോഗിക്കുന്നു.

(സി) ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച് ഗവൺമെന്റ് അംഗീകാരം നൽകിയ പദ്ധതികൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള തുക ചെലവഴിക്കുന്നത്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

തിരുവനന്തപുരം ഹാബിറ്റാറ്റ് സെന്റർ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി

105 (297) ശ്രീ. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഹാബിറ്റാറ്റ് സെന്ററിന് ബഹുമാനപ്പെട്ട രാഷ്ട്രപതി ശിലാസ്ഥാപനം നിർവ്വഹിച്ചത് എന്നാണെന്നറിയിക്കാമോ ;

(ബി) ഈ മന്ദിര സമുച്ചയത്തിന്റെ എസ്റ്റിമേറ്റ് തുക സ്ഥലവ്യാപ്തി, നിർമ്മാണ പൂർത്തീകരണം കാലാവധി, നിർമ്മാണ ചുമതല എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(സി) ഹാബിറ്റാറ്റ് സെന്റർ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) ഹാബിറ്റാറ്റ് സെന്റർ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2005 ജൂലൈ 28-ാം തീയതി.

LIBRARY ARCHIVES Kerala Legislative Assembly